**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3982** **06-08-2021 - ൽ മറുപടിയ്ക്ക്**

**കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെറായിയിൽ സാംസ്കാരിക വകുപ്പിന് കീഴിൽ കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരകം നിർമ്മിക്കുന്നതിന് അധിക സഹായമായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 2021-2022 സാമ്പത്തിക വർഷം ചെറായിലെ കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരകം നിർമ്മാണതിന് സംസ്ഥാന ബഡ്ജറ്റിൽ തുക പ്രത്യേകം ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച A2/104/17/സാം.കാ.വ ഫയലിലും സാംസ്കാരിക വകുപ്പ് ഡയറക്ടറാഫീസിലെ A1/2757/20 നമ്പർ ഫയലിലും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ഈ വിഷയം സംബന്ധിച്ച സർക്കാരിലെ സാംസ്കാരിക കാര്യ വകുപ്പിൽ കൈകാര്യം ചെയ്യുന്ന എ2/104/2017/സാം.കാ.വ നമ്പർ ഫയലിൽ എറണാകുളം ജില്ലയിലെ ചെറായിയിൽ പ്രവർത്തിക്കുന്ന കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരക ട്രസ്റ്റിന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്ന കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരകം മൊത്തം 49,75,000/- രൂപ ചെലവിൽ (29,75,000/- രൂപയ്ക്ക് സ്ഥലം വാങ്ങിയും 20 ലക്ഷം രൂപയ്ക്ക് സ്മാരകം നിർമ്മിക്കുന്നതിനും) സ്ഥാപിക്കുന്നതിനു 26.06.2019-ലെ സ. ഉ. (സാ. ധാ) 250/2019/സാം.കാ.വ, 07.11.2019-ലെ സ. ഉ. (സാ. ധാ) 506/2019/ സാം.കാ.വ, 11.06.2020- ലെ സ. ഉ. (സാ. ധാ) നമ്പർ. 3540/2020/ധന എന്നിവ പ്രകാരം ഭരണാനുമതി നൽകി പ്രസ്തുത തുക അനുവദിക്കുകയുമുണ്ടായി. ആയതിന് ശേഷം പ്രസ്തുത നിർമ്മാണത്തിന് അധിക-ധനസഹായമായി 1,00,00,000/- രൂപ കൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിന് വിശദമായ പ്രപ്പോസൽ ടി ട്രസ്റ്റ് അധികൃതരിൽ നിന്ന് വാങ്ങി സമർപ്പിക്കുവാൻ സാംസ്കാരിക വകുപ്പ് ഡയറക്ടറോട് 31.10.2020-ൽ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് പ്രസ്തുത നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ച് കൊണ്ട് അധിക ധനസഹായമായി 1,00,00,000/- രൂപ കൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ടി ട്രസ്റ്റ് അധികൃതർ 09.02.2021-ൽ നേരിട്ട് സർക്കാരിൽ പ്രപ്പോസൽ സമർപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | സർക്കാർ ഇക്കാര്യം പരിശോധിച്ച് വരുകയുമാണ്. ഈ വിഷയം സംബന്ധിച്ച സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ കൈകാര്യം ചെയ്യുന്ന എ1/2757/20/സാം.വ നമ്പർ ഫയലിൽ സർക്കാരിന്റെ മേൽപരാമർശിച്ച 31.10.2020-ലെ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രസ്റ്റ് അധികൃതരോട് വിശദമായ പ്രപ്പോസലും, രേഖകളും, വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ആയത് ടി ട്രസ്റ്റ് അധികൃതർ 09.02.2021-ൽ നേരിട്ട് സർക്കാരിൽ ലഭ്യമാക്കുകയാണ് ഉണ്ടായത്. |
| (സി) | പ്രസ്തുത അധിക ധനസഹായം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | അധിക ധനസഹായം ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ